പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1529 — 05-02-2019-ലെ മറുപടിയ്ക്ക്

## സംസ്ഥാനവിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നൽകുന്ന നഷ്ടപരിഹാരം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഷാഫി പറമ്പിൽ** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | പ്രളയത്തിൽ അൻപത് ശതമാനത്തിന് മുകളിലെ നെൽകൃഷിനാശത്തെ പൂർണ്ണ നാശമായി കണക്കാക്കി സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നഷ്ടപരിഹാരം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) & (ബി) | സംസ്ഥാനവിള ഇൻഷ്വറൻസ് പദ്ധതിയിൽ പ്രീമിയം, നഷ്ടപരിഹാരം എന്നിവയുടെ തോത് പുതുക്കി നിശ്ചയിച്ചപ്പോൾ 50 ശതമാനത്തിലധികം നാശനഷ്ടമുണ്ടായാൽ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും എന്ന നിബന്ധന ഉൾപ്പെടുത്താത്തതിനാൽ ഇക്കഴിഞ്ഞ പ്രളയത്തിൽ നെൽകൃഷിയ്ക്ക് നാശനഷ്ടം നേരിട്ട കർഷകർക്കും നഷ്ടപരിഹാരം ലഭിക്കുന്നതിന് തടസ്സം നേരിടുന്നു എന്ന വിഷയം ശ്രദ്ധയിൽപ്പെട്ട ഉടൻ തന്നെ പ്രസ്തുത വ്യവസ്ഥ 01/04/2018 മുതൽ മുൻകാല പ്രാബല്യത്തോടുകൂടി ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | ഇത് സംബന്ധിച്ച ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | |

സെക്ഷൻ ഓഫീസർ

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

കൃഷിവകുപ്പ്-സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 50 ശതമാനത്തിലധികമുണ്ടാകുന്ന നെൽകൃഷി നാശനഷ്ടത്തിന് പൂർണ്ണ നാശനഷ്ടമായി കണക്കാക്കി നഷ്ടപരിഹാരം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

കൃഷി(കൃഷി) വകുപ്പ്

സ.ഉ.(സാധാ) നം.1198/2018/കൃഷി തീയതി,തിരുവനന്തപുരം, 12/12/2018

---

പരാമർശം:- 1 12/11/2007 ലെ സ.ഉ(കൈ)നം.192/2007/കൃഷി നമ്പർ സർക്കാർ ഉത്തരവ്.

2 22/03/2017 ലെ സ.ഉ(കൈ)നം.37/2017/കൃഷി നമ്പർ സർക്കാർ ഉത്തരവ്.

<u>ഉത്തരവ്</u>

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ നെൽകൃഷിക്ക് 50 ശതമാനത്തിൽ അധികം നാശനഷ്ടം ഉണ്ടായാൽ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണെന്ന് പരാമർശം(1) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ വിള ഇൻഷ്വറൻസ് പദ്ധതിയുടെ പ്രീമിയം, നഷ്ടപരിഹാരം എന്നിവയുടെ തോത് പുതുക്കി നിശ്ചയിച്ച പരാമർശം(2) ലെ ഉത്തരവിൽ ടി വ്യവസ്ഥ ഉൾപ്പെടുത്താത്തതിനാൽ ഇക്കഴിഞ്ഞ പ്രളയത്തിൽ നെൽകൃഷിക്ക് നാശനഷ്ടം നേരിട്ട വലിയ വിഭാഗം കർഷകർക്കും നഷ്ടപരിഹാരം ലഭിക്കുന്നതിന് തടസ്സം നേരിടുന്നുവെന്ന വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നെൽകൃഷിക്ക് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി അനുസരിച്ച് നഷ്ടപരിഹാരം കണക്കാക്കുമ്പോൾ 50 ശതമാനത്തിൽ അധികം നാശനഷ്ടം ഉണ്ടായാൽ ആയത്

പൂർണ്ണ നാശനഷ്ടമായി കണക്കാക്കി നഷ്ടപരിഹാരം ലഭിക്കുന്നതാണെന്ന് വ്യവസ്ഥ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രസ്തുത ഉത്തരവിന് 01/04/2018 മുതൽ മുൻകാല പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മീര.എസ്.
ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ,കാർഷികവികസന കർഷകക്ഷേമ വകുപ്പ്,തിരുവനന്തപുരം.
ഇൻഷുറൻസ് ഡയറക്ടർ,തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ് / എ & ഇ),കേരള,തിരുവനന്തപുരം.
പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ,ഫാം ഇൻഫർമേഷൻ ബ്യൂറോ,തിരുവനന്തപുരം.
വിവരപൊതുജന സമ്പർക്ക വകുപ്പ്(വെബ് & ന്യൂ മീഡിയ)
കൃഷിമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ